**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2357** **12-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ് മെമ്പർഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ് മെമ്പർഷിപ്പ് എടുക്കാനുണ്ടായ കാരണം വിശദമാക്കാമോ; | (എ) | മെമ്പർഷിപ്പ് എടുക്കാനുണ്ടായ സാഹചര്യം കോർപ്പറേഷന്റെ ഫയലുകളിൽ വ്യക്തമാക്കിയിട്ടില്ല. കെ.എം.എസ്.സി.എൽ. നിന്നും ലഭ്യമായ വിവരം പ്രകാരം കെ.എം.എസ്.സി.എൽ. ചെയർമാന്റെ നിർദ്ദേശപ്രകാരമാണ് മെമ്പർഷിപ്പ് എടുത്തിട്ടുള്ളത്. |
| (ബി) | ഇത് സംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ:; | (ബി) | കെ.എം.എസ്.സി.എൽ. നോട്ട് ഫയലിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | കെ.എം.എസ്.സി.എൽ.നാളിതുവരെ ടെന്നീസ് ക്ലബ്ബിന് എത്ര രൂപ നൽകി എന്ന വിവരം നൽകാമോ; | (സി) | കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ്ബിന് 2017 മുതൽ 2022 ആഗസ്റ്റ് വരെ 19,13,700 രൂപ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. 2022 ആഗസ്റ്റിനു ശേഷം തുകയൊന്നും നൽകിയിട്ടില്ല. |
| (ഡി) | ഒരു സർക്കാർ കമ്പനി സ്വകാര്യ ക്ലബ് മെമ്പർഷിപ്പ് എടുത്തത് നിയമനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച നിയമ വ്യവസ്ഥ അറിയിക്കാമോ ; | (ഡി) | മെമ്പർഷിപ്പ് എടുത്തത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | ടെന്നീസ് ക്ലബ് മെമ്പർഷിപ്പ് എടുക്കാൻ തീരുമാനിച്ച മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ? | (ഇ) | മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം -I

File No: KMSCL/ADMN/69/2017 Kerala Medical Services Corporation Limited

# NOTE

Sub:- KMSCL - - Administrative Sanction / Office orders / Miscellaneous File

Note #8 Balachandran C, ASST-ADMN-1, 03-May-2017 06:00 AM

Inward Attached : 6564/2017/KMSCL
Subject : Letters
Sender Name : THE TRIVANDRUM TENNIS CLUB,KOWDIAR
Subject Description : REQUEST FOR CORPORATE MEMBERSHIP-REG

Note #9 Balachandran C, ASST-ADMN-1, 03-May-2017 06:25 AM

കോർപ്പറേഷൻ ചെയർമാൻ ശ്രീ.രാജീവ് സദാനന്ദൻ ഐ.എ.എസ് അവർകളുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ കോർപ്പറേഷൻെറ പേരിൽ ഒരു മെമ്പർഷിപ്പ് എടുക്കുന്നതിനായി 11.4.2017-ന് ഒരു കത്ത് നൽകുകയുണ്ടായി. 22.4.2017 തീയതിയിലെ തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ നിന്നും ലഭിച്ച കത്ത് കണ്ടാലും. കോർപ്പറേഷൻെറ പേരിൽ അംഗത്വം നൽകുന്നതിനായി 15% സർവ്വീസസ് ചാർജ്ജ് ഉൾപ്പെടെയുള്ള തുകയായ പ്രവേശന ഫീസ് 11,50,000 രൂപ (പതിനൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ) നൽകണമെന്ന് അറിയിച്ചിരിക്കുകയാണ്. പ്രസ്തുത തുക നൽകുന്നതിതിനുള്ള നടപടിക്രമത്തിൻെറ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

Note #10 Mohankumar V, FM, 03-May-2017 12:43 PM

Balachandran, 15% is not service chaarges it is services tax. Pls correct it in note file as well as proceedings.

Note #11 Balachandran C, ASST-ADMN-1, 03-May-2017 12:50 PM

കോർപ്പറേഷൻെറ പേരിൽ തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ അംഗത്വം എടുക്കുന്നതിനായി 15% സർവ്വീസ് ടാക്സ് ഉൾപ്പെടെയുള്ള തുകയായ പ്രവേശന ഫീസ് 11,50,000 രൂപ (പതിനൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ) നൽകുന്നതിതിനുള്ള നടപടിക്രമത്തിൻെറ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

Note #12 Mohankumar V, FM, 03-May-2017 01:07 PM

Rs.11,50,000/- അനുവദിച്ച് നൽകാവുന്നതാണ്.

Note #13 Dr. Dileep Kumar S R, GM, 04-May-2017 12:22 AM

Rs.11,50,000/- അനുവദിച്ച് നൽകാവുന്നതാണ്.

Note #14 DR. NAVJOT KHOSA IAS, MD, 05-May-2017 05:19 PM

Draft #3 - General Proceedings-Malayalam (New) Approved.

Draft #1 of File KMSCL/ADMN/21718/2022 Approved by Managing Director on 09-Dec-2022 04:52 PM - Page 3

**അനുബന്ധം - 2**

| കാലയളവ് | തുക | വിവരം |
|---|---|---|
| 2017-18 | 11,50,000.00 | മെമ്പർഷിപ്പ് ഫീസ് |
| 2017-18 | 1,93,833.00 | മാസവരി ഫീസ് & മീറ്റിംഗ് ചെലവ് |
| 2018-19 | 2,59,709.00 | മാസവരി ഫീസ് & മീറ്റിംഗ് ചെലവ് |
| 2019-20 | 2,69,938.00 | മാസവരി ഫീസ് & മീറ്റിംഗ് ചെലവ് |
| 2020-21 | 14660 | മാസവരി ഫീസ് |
| 2021-22 | 14660 | മാസവരി ഫീസ് |
| 2022 till August 2022 | 10900 | മാസവരി ഫീസ് |
| **ആകെ** | **19,13,700.00** | |

അനുബന്ധം - III

**Agenda Item No : 50.21**

**Ratification of Corporate Membership in Trivandrum Tennis Club in the name of KMSCL :**

As directed by the Chairman, a corporate membership was taken in the Trivandrum Tennis Club, Kowdiar, Trivandrum in the name of Kerala Medical Services Corporation Limited with a nominee of two members, the Chairman and the Managing Director. For obtaining the Corporate Membership, an amount of Rs.11,50,000/- (Rupees Eleven Lakhs Fifty thousand only) was released to the Trivandrum Tennis Club as Entrance fee. Identity Cards till 2018 were allotted from TTC for the nominees and the same issued. Monthly subscription for corporate membership is Rs.1000/- – 15% service tax and luxury tax Rs.200 per year.

***Resolution No.50.21***

- *The Board resolved to ratify the actions taken by the Managing Director for taking corporate membership in the name of KMSCL at the Trivandrum Tennis Club, Kowdiar, Trivandrum and for the release of entrance fee of Rs.11,50,000/-.*
- *The Board further resolved to authorize the Managing Director to pay monthly subscription @ Rs.1000/- + 15% service tax as per rules of Trivandrum Tennis Club, Kowdiar Trivandrum.*

Dr NAVJOT KHOSA IAS
Managing Director,
Kerala Medical Services Corporation Ltd.

RAJEEV SADANANDAN IAS
Chairman/KMSCL &
Additional Chief Secretary to Government,
Health & Family Welfare Department

11 APR 2017

KMSCL

നം.14/എം.ഡി യുടെ കാര്യാലയം/2017 തീയ്യതി : 11.04.2017

## ഇന്റർ ഓഫീസ് മെമ്മോ

1. ബഹു. ചെയർമാൻ, കെ.എം.എസ്.സി.എൽ & അഡീഷണൽ ചീഫ് സെക്രട്ടറി അവർകളുടെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പേരിൽ കോർപ്പറേറ്റ് മെമ്പർഷിപ്പ് എടുക്കുന്നതിലേയ്ക്കായി അടിയന്തിര നടപടികൾ സ്വീകരിയ്ക്കണമെന്ന് അറിയിക്കുന്നു. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പേരിലുള്ള അപേക്ഷയും, ധനകാര്യവകുപ്പ് ലഭ്യമാക്കുന്ന കോർപ്പറേഷന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ അക്കൗണ്ട്സ് & ആഡിറ്റ് സ്റ്റേറ്റ്മെന്റ് മുതലായവ ആമുഖ കത്ത് സഹിതം തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിന്റെ മാനേജരുടെ പേരിൽ നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നുകൂടി ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

2. കോർപ്പറേഷന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ അക്കൗണ്ട്സ് & ആഡിറ്റ് സ്റ്റേറ്റ്മെന്റ് ഭരണവിഭാഗത്തിന് നൽകുന്നതിലേയ്ക്കായി വേണ്ട നടപടികൾ സ്വീകരിയ്ക്കണമെന്ന് ധനകാര്യവകുപ്പ് മേധാവിയെ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഡോ. നവ്ജോത് ഖോസ ഐ.എ.എസ്
(മാനേജിംഗ് ഡയറക്ടർ)

**Dr. NAVJOT KHOSA IAS**
Managing Director
Kerala Medical Services Corporation Ltd.
Thycaud P.O., Thiruvananthapuram-14.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

മാനേജർ, ധനകാര്യ വകുപ്പ്.

ജനറൽ മാനേജർ, കെ.എം.എസ്.സി.എൽ.

Draft #1 of File KMSCL/ADMN/21718/2022 Approved by Managing Director on 09-Dec-2022 04:52 PM - Page 5